**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജലഅതോറിറ്റിയുടെ വൈദ്യുതി ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയുടെ പ്രതിമാസ വൈദ്യുത ബിൽ അതതു മാസം തന്നെ അടയ്ക്കാൻ കഴിയുന്നുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ പ്രതിമാസം ഏകദേശം 40-42 കോടിയോളം രൂപ വൈദ്യുതി ബിൽ ഇനത്തിൽ വരുന്നുണ്ട്. ഇതിൽ 2025 സെപ്റ്റംബർ മാസം മുതൽ മാസം തോറും 10 കോടി രൂപ വീതം KSEB യും WATER AUTHORITY ആയിട്ടുള്ള escrow നടപടി ക്രമം മുഖേന വൈദ്യുതി ചാർജ്ജായി KSEB യ്ക്ക് നൽകി വരുന്നു. ജല അതോറിറ്റിയുടെ പ്രതിമാസ വൈദ്യുത ബിൽ പൂർണ്ണമായും അതതു മാസം അടയ്ക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. |
| (ബി) | വൈദ്യുത ചാർജ് ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിന് സൗരോർജ്ജ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ഭാഗങ്ങളിലായി നിലവിൽ 944.5 കിലോവാട്ട് (KW) ഉൽപ്പാദന ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 712 കിലോവാട്ട് (KW) ശേഷിയുള്ള പ്ലാന്റുകൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കി വരുന്നു. |
| (സി) | ഇതിനായി പുതിയ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | കേരള വാട്ടർ അതോറിയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ വേണ്ടി പുതിയ കമ്പനി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ